**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2556** **02-08-2021 - ൽ മറുപടിയ്ക്ക്**

**കാരോട് യു.പി സ്കൂൾ മാനേജ്മെന്റ് മാറ്റത്തിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല ഉപജില്ലയിൽ ഉൾപ്പെട്ട കാരോട് യു.പി.എസ്-ന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റ് മാറ്റത്തിന് 11.10.2011-ന് പാറശാല ഉപജില്ലാ ഓഫീസർ മുഖാന്തിരം അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ മാനേജ്മെന്റ് മാറ്റം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാറശ്ശാല ഉപജില്ലയിൽ ഉൾപ്പെട്ട കാരോട് യു.പി.എസ്. - ന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റ് മാറ്റത്തിനായി 11.10.2011 – ന് സമർപ്പിച്ച അപേക്ഷയിൽ അപാകതകൾ ഉണ്ടായതിനെ തുടർന്ന് (മുൻ മാനേജർക്കുണ്ടായ ബാദ്ധ്യതകൾ ഉൾപ്പെടെ) പാറശ്ശാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.07.2019 – ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് മാറ്റം അംഗീകരിച്ചിട്ടില്ല. |
| (ബി) | 2011-ൽ പ്രസ്തുത സ്കൂളിന്റെ മാനേജരായിരുന്ന ശ്രീ. വിൽസണിന്റെ പേരിൽ നിന്നും ശ്രീ. മുരളിധരൻ നായരുടെ പേരിലേയ്ക്കുള്ള മാനേജ്മെന്റ് മാറ്റത്തിനുള്ള അപേക്ഷ ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ ഓഫീസിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയില്ലെന്ന കാരണത്താൽ നിരസിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കെ.ഇ.ആർ. ചട്ട പ്രകാരവും നിലവിലെ സർക്കാർ ഉത്തരവ് നമ്പർ 2661/2020/പൊ.വി.വ. തീയതി 24.09.2020 പ്രകാരവും മുൻകൂർ അനുമതി ഇല്ലാതെ മാനേജ്മെന്റ് മാറ്റം നടത്താൻ പാടില്ലാത്തതിനാൽ 31.03.2021 – ലെ എഫ്1/71279/2011 ഉത്തരവ് പ്രകാരം അപേക്ഷ നിരസിച്ചിട്ടുണ്ട്. |
| (സി) | 11.10.2011-ൽ ഉടസ്ഥാവകാശത്തിന് ഉചിതമാർഗ്ഗേന അപേക്ഷ നൽകിയ മാനേജർക്ക് 20.09.2020-ലെ സ.ഉ(സാധാ )നം.2661/2020/ പൊ.വി.വ ഉത്തരവ് അനുസരിച്ച് ഉടസ്ഥാവകാശത്തിനുള്ള അപേക്ഷ നിരസിച്ചത് നീതി നിക്ഷേധമല്ലേയെന്ന് അറിയിക്കുമോ; | (സി) | കെ.ഇ.ആർ. അദ്ധ്യായം III ചട്ടം 5 (എ) പ്രകാരവും 24.09.2020- ലെ സ.ഉ. (സാധാ) 2661/2020/ പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരവും ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെന്റ് മാറ്റത്തിന് മുൻകൂർ അനുമതി നിഷ്കർഷിച്ചിട്ടുള്ളതിനാൽ ടി അപേക്ഷ നിരസിച്ചിട്ടുള്ളത് നിയമാനുസൃതമാണ്. |
| (ഡി) | 24.09.2020-ന് മുൻപ് എയ്ഡഡ് സ്കൂളുകളുടെ മാനേജ്മെന്റ് മാറ്റത്തിന് മുൻകൂർ അനുമതി ഒഴിവാക്കി നൽകിയ സർക്കാർ ഉത്തരവ് നിലനിന്ന സാഹചര്യത്തിൽ പ്രസ്തുത സ്കൂളിന്റെ മാനേജ്മെന്റ് മാറ്റത്തിന്റെ അപേക്ഷ നിരസിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (ഡി) | കെ.ഇ.ആർ. അദ്ധ്യായം III ചട്ടം 5 (എ) 24.09.2020 – ന് മുമ്പ് തന്നെ നിലവിലുള്ള ചട്ടമാണ്. 24.09.2020 – ലെ സർക്കാർ ഉത്തരവിൽ ആയത് സ്ഥിരീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. |
| (ഇ) | സ്കൂളിന്റെ മാനേജ്മെന്റ് മാറ്റത്തിന് തടസമായി | (ഇ) | കെ.ഇ.ആർ. അദ്ധ്യായം III ചട്ടം 5 (എ) പ്രകാരം |

| | | | |
|---|---|---|---|
| | നിന്ന മുഴവൻ ബാദ്ധ്യതകളും 12.04.2019-ന് മുൻപ് പരിഹരിച്ചതിനു ശേഷവും 24.09.2020-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിച്ച നടപടി പുന:പരിശോധിക്കുമോ; | | ഇളവ് ലഭിക്കാതെ അപേക്ഷ പുന:പരിശോധിക്കാൻ കഴിയുകയില്ല. |
| (എഫ്) | പ്രസ്തുത സ്കൂളിൽ മാനേജർ ഇല്ലായെന്ന കാരണത്താൽ നിയമനാംഗീകാരം ലഭിക്കാതെ 2016 മുതൽ ജോലി ചെയ്യുന്ന ഹെഡ്മാസ്റ്റർ, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ ജീവനക്കാർക്ക് നിയമനാംഗീകാരം നൽകുവാനുള്ള നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ ? | (എഫ്) | മാനേജർ നിലവിൽ ഇല്ലാത്തതോ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നതോ ആയ സ്കൂളുകളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് താത്ക്കാലിക ചുമതല വിദ്യാഭ്യാസ അധികാരികൾക്ക് നൽകാറുണ്ട്. കാരോട് യു.പി. സ്കൂളിൽ നിന്നും അപ്രകാരം ഒരു അപേക്ഷ ലഭിക്കുകയോ, വിദ്യാഭ്യാസ അധികാരിക്ക് ചുമതല നൽകുകയോ ചെയ്തിട്ടില്ല. എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്താനുള്ള പൂർണ്ണ ചുമതല അംഗീകൃത മാനേജർക്ക് മാത്രമാണ്. |

സെക്ഷൻ ഓഫീസർ